**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2132** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സാക്ഷരത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ സാധിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ? | (എ) | കേരളത്തെ സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമാക്കുന്നതിന് വേണ്ടിയുള്ള ഡിജിറ്റൽ സാക്ഷരതാ പദ്ധതിയാണ് "ഡിജി കേരളം". സമൂഹത്തിലെ നാനാ തുറയിലുള്ള ജനവിഭാഗങ്ങളും അടിസ്ഥാന ഡിജിറ്റൽ സാക്ഷരത നേടിയെടുക്കുന്നതിലൂടെ വിവരസാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ അവർക്ക് കൂടി പ്രാപ്യമാക്കുന്നതിനുള്ള സർക്കാരിന്റെ ദൗത്യമായ 'ഡിജി കേരളം' നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പ് തലവന്മാരുടെ യോഗം ചേരുകയും വിവിധ വകുപ്പുകളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും പരമാവധി വോളന്റിയർമാരെ ടി പദ്ധതിയിലേയ്ക്കായി രജിസ്റ്റർ ചെയ്യുന്നതിന് ഒരു വെബ് പോർട്ടൽ ആരംഭിക്കുകയും നിലവിൽ രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ച് വരികയുമാണ്.<br>ഡിജി കേരളം പദ്ധതിയുടെ പ്രചരണാർത്ഥം 2024 ഫെബ്രുവരി 11 മുതൽ 18 വരെയുള്ള ഒരാഴ്ച ഡിജി വാരമായി ആഘോഷിക്കുന്നുണ്ട്.<br>വിവരശേഖരണ സർവ്വേയുടെ പരിശീലനത്തിനായുള്ള മൊഡ്യൂൾ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുള്ള നടപടി തദ്ദേശ സ്വയം ഭരണ വകുപ്പ് സ്വീകരിച്ച് വരികയാണ്.<br>2024 നവംബർ 1-ന് കേരളത്തെ രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി പ്രഖ്യാപിക്കത്തക്കവിധത്തിലാണ് പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ